**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **29-01-2024 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിതി ആയോഗ് പ്രസിദ്ധപ്പെടുത്തിയ മൾട്ടി ഡയമെൻഷനൽ ദാരിദ്ര സൂചികയിൽ ഏറ്റവും കുറഞ്ഞ അതിദരിദ്രരുള്ള സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 0.55 ശതമാനം മാത്രം ദാരിദ്ര്യത്തോടെ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ട്. 2022-23 വർഷത്തേക്ക് ഈ കണക്ക് 0.48 ആയി മാറുന്നുവെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിലുണ്ട്. 0.70 എന്ന നീതി ആയോഗിന്റെ തന്നെ മുൻ കണക്കിന് ശേഷം ഉണ്ടായ പുരോഗതിയാണിത്. |
| (ബി) | സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അതുവഴി എത്രപേരെ കണ്ടെത്താൻ സാധിച്ചുവെന്നും വെളിപ്പെടുത്താമോ; | (ബി) | **പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ**<br><br>അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ, രീതിശാസ്ത്രം എന്നിവ തയ്യാറാക്കി അതു സംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകൽ.<br><br>തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും ഉള്ള ജനകീയ സമിതികളുടെ രൂപീകരണം..<br><br>പദ്ധതി ഏകോപനത്തിന് സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാ തല സമിതിയും രൂപീകരിക്കൽ.<br><br>അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ.<br><br>വാർഡ് തല പട്ടികകൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) അപ് ലോഡ് ചെയ്യൽ.<br><br>പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തൽ. |

| | | | |
|---|---|---|---|
| | | | വിവരശേഖരണ പ്രക്രിയയുടെ സൂപ്പർ ചെക്കിങ്.<br><br>ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വാർഡ് തലത്തിൽ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ.<br><br>അർഹരായവരുടെ തദ്ദേശ സ്ഥാപന തല പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും.<br><br>വാർഡ് തലത്തിലുള്ള പട്ടികകൾ വാർഡ്/ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകരിക്കൽ.<br><br>തദ്ദേശസ്ഥാപന തലത്തിൽ അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കൽ.<br><br>മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് മാർഗരേഖ തയ്യാറാക്കി വിപുലമായ പരിശീലനങ്ങൾ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയും ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനും തയ്യാറാക്കൽ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെയും മൈക്രോ പ്ലാനുകളുടെയും നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം നടത്തൽ.<br><br>പദ്ധതി നിർവഹണവും മോണിട്ടറിങ്ങും. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് ആകമാനം 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളിലായി 103099 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ കണ്ടെത്തിയ അതിദരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കാമോ; | (സി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളെയും കുടുംബങ്ങളെയും അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിനും നല്കേണ്ട സേവനം സംബന്ധിച്ച് മൈക്രോപ്ലാൻ തയ്യാറാക്കൽ തദ്ദേശ സ്ഥാപനതലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. "അവകാശം അതിവേഗം" എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐഡി, ആധാർ കാർഡ്, റേഷൻ കാർഡ് ഹെൽത്ത് ഇൻഷ്വറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് മുതലായവ) ഭക്ഷണം, ആരോഗ്യ പരിശോധന, സാമൂഹ്യ സുരക്ഷാ പെൻഷൻ, അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, ഏകാംഗ കുടുംബത്തിലുള്ള വ്യക്തികളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപന തലത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർഥികളുടെ പഠന ആവശ്യങ്ങൾക്കുള്ള യാത്രയും സൗജന്യമാക്കിയിട്ടുമുണ്ട്. തൊഴിലെടുക്കാൻ ശേഷിയുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ സാദ്ധ്യമാക്കുന്നതിനും അതത് പോലെ നടപടികൾ സ്വീകരിച്ച് വരുന്നു. വരുമാനദായക പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മുഖേന ഉജ്ജീവനം എന്ന പദ്ധതി രൂപപ്പെടുത്തി. |
| (ഡി) | ഇതുവരെ കണ്ടെത്തിയവരുടെ അതിദാരിദ്ര്യം തുടച്ചുനീക്കി അതിദരിദ്ര മുക്ത സ്വയംഭരണ സ്ഥാപനമായി മാറുന്നതിന് ഏതെങ്കിലും തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | ഉണ്ട്. സംസ്ഥാനത്തെ രണ്ട് ഗ്രാമ പഞ്ചായത്തുകളിൽ (ആലപ്പുഴ ജില്ലയിലെ കുമാരപുരം, കാസർഗോഡ് ജില്ലയിലെ കള്ളാർ) അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പ്രകാരം അതിദരിദ്രരായ കുടുംബങ്ങൾ ഉണ്ടായിരുന്നില്ല. അതിദാരിദ്ര്യം കണ്ടെത്തിയ തദ്ദേശ സ്ഥാപനങ്ങളിൽ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത ഗ്രാമപഞ്ചായത്ത് ആയി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ അതിദരിദ്രമുക്തമാക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (ഇ) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ നാളിത് വരെ 47.89% പുരോഗതി കൈവരിക്കാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ